എമ്മാവൂസ് വചനദർശൻ
Vol. 10, Issue: 32



# മണ്ണിലെ താരങ്ങൾ...

**മത്തായി 2:1-12**

ബ്രദർ ജിൻസ് പുതുശ്ശേരിക്കാലായിൽ MCBS

ക്രിസ്തുവിനു വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന സൊരാസ്റ്റർ, അദ്ദേഹം സ്ഥാപിച്ച പാഴ്സി മതത്തിന്റെ മതഗ്രന്ഥമായ 'സെൻന്നുവെസ്ത'യിൽ ഭാവിയിൽ ജനിക്കാൻ ഇരിക്കുന്ന ഒരു രക്ഷകനെക്കുറിച്ച് പ്രവചിക്കുന്നുണ്ട്. പ്രവചനം ഇപ്രകാരമാണ്, ആയിരം വർഷങ്ങൾ കടന്നു പോകുമ്പോൾ ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ദൈവപുത്രനെന്നു വിളിക്കപ്പെടും. അവൻ മാലാഖമാരോട് സംസാരിക്കും. അവൻ മുപ്പതാം വയസ്സിലെത്തുമ്പോൾ സൂര്യൻ അസ്തമിക്കാതെ, നിശ്ചലമായി നിലകൊള്ളും. മൂന്ന് വർഷം അവൻ ലോകം ഭരിക്കും, അതോടെ തിന്മകളുടെ ശക്തിക്കുമേൽ അവൻ വിജയം വരിക്കും. 'ഒഷേധാർ' എന്ന് പേരുള്ള ആ രക്ഷകൻ ജനിക്കുമ്പോൾ ആകാശത്ത് അതിശോഭയേറിയ ഒരു നക്ഷത്രം പ്രത്യക്ഷപ്പെടും എന്നും സൊരാസ്റ്റർ സൂചന നല്കുന്നുണ്ട്.

നക്ഷത്രം നോക്കി രക്ഷകനെ കണ്ടെത്തുവാൻ ഇറങ്ങി തിരിച്ച മൂന്ന് ജ്ഞാനികളുടെ കഥയാണ് സുവിശേഷത്തിൽ നാം വായിച്ച് കേട്ടത്. പൗരസ്ത്യ ദേശത്ത് നിന്നുള്ള ജ്ഞാനികളുടെ കഥപോലെ ഇത്രമാത്രം മനുഷ്യഭാവനയ്ക്ക് തിരികൊളുത്തുകയോ യഥേഷ്ടം പാറിപ്പറക്കാൻ അനുവദിക്കുകയോ ചെയ്യുന്ന വിവരണം ബൈബിളിൽ വേറെയില്ല എന്നതാണ് ബെനഡിക്റ്റ് 16-ാമൻ പാപ്പ പറയുന്നത്. ഉദയ സൂര്യന്റെ നാട്ടിൽനിന്നുള്ള ജ്ഞാനികളുടെ കഥയെ ക്രിസ്തുവിന്റെ ജനനവുമായി ബന്ധപ്പെടുത്തിക്കൊണ്ട്, ഹേറോദോസിന്റെ ഭരണകാലത്ത് യേശുവിന്റെ ജനനസ്ഥലമായ ബേത്ലെഹേമിൽ സംഭവിച്ച കഥയാണെന്ന് സൂചന നല്കിക്കൊണ്ട് ഈ കഥയുടെ ചരിത്രസന്ദർഭം മത്തായി വ്യക്തമായി അവതരിപ്പിക്കുകയാണിവിടെ.

നക്ഷത്രം പ്രതീക്ഷയുടെ, സന്തോഷത്തിന്റെ സൂചനയാണ്. കാർമേഘങ്ങൾ നിറഞ്ഞ് കറുത്തിരുണ്ട് നില്ക്കുന്ന കർക്കിടക നാളിലെ ആകാശത്തേക്കാൾ എത്ര സുന്ദരവും കുളിർമ്മയും നല്കുന്നതാണ് നക്ഷത്രങ്ങൾ നിറഞ്ഞ് നില്ക്കുന്ന ധനുമാസനാളിലെ ആകാശം. ക്രിസ്തുവും ക്രിസ്തുമസും നക്ഷത്രങ്ങളും തമ്മിൽ എവിടെയൊക്കെയോ ബന്ധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാവാം ക്രിസ്തുവിനെ അപ്രാപ്യമായ ഒരു നക്ഷത്രമായി ഡിസ്മണ്ട് സ്പെൻസർ കാണുന്നത്. മങ്ങുന്ന നക്ഷത്രങ്ങൾ ക്രിസ്തുവിൽനിന്നകലുന്നവരുടെ പ്രതിബിംബമാണെന്ന് ടി. എസ്. എലിയട്ടും എഴുതിയിട്ടുണ്ട്.

ക്രിസ്തു ഇരുട്ടിൽ ഉദയം ചെയ്ത പ്രഭാത നക്ഷത്രമായിരുന്നു. കിഴക്ക് കണ്ട നക്ഷത്രമാണ്

ജ്ഞാനികളെ വഴിനടത്തിയത്. എല്ലാവർക്കും കാണാൻ പാകത്തിന് ഈ നക്ഷത്രം ഉയർന്നിട്ടും വിജാതീയരായ മൂന്ന് പേർ മാത്രമാണ് ഈ നക്ഷത്രം കണ്ടതും അതിനു പിന്നിലെ രഹസ്യങ്ങൾ മനസ്സിലാക്കുകയും ചെയ്തത് എന്നത് ഒരു അത്ഭുതമാണ്. സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചു വച്ചിരിക്കുന്ന നിധിക്കു തുല്യം എന്ന് ഈശോ പറയുന്നുണ്ട്. അത് കണ്ടെത്തുന്നവൻ സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ സ്വന്തമാക്കും എന്നും അവിടുന്ന് കൂട്ടിച്ചേർക്കുന്നു. ദൈവം തിരഞ്ഞെടുത്ത് അനുഗ്രഹിച്ച യഹൂദ ജനത്തിനു നടുവിലായിരുന്നു ഈ വയൽ എങ്കിലും അവർക്കത് കണ്ടെത്തുവാൻ കഴിഞ്ഞില്ല. കൂടെയുള്ള രക്ഷയുടെ സാന്നിദ്ധ്യം തിരിച്ചറിയാൻ കഴിയാത്തവിധം കാപട്യം അവരുടെ കണ്ണുകളെ അന്ധമാക്കിയിരുന്നു. അവിടെയാണ് വിജാതീയരായ ജ്ഞാനികൾ ദിവ്യപൈതലിനുമുന്നിൽ കാഴ്ചകളർപ്പിച്ച് കുമ്പിട്ടാരാധിച്ച് നിധി കണ്ടെത്തി വ്യത്യസ്തരാകുന്നത്.

ജീവിത തിരക്കുകൾക്കിടയിൽ പലപ്പോഴും ദൈവസാന്നിധ്യം അറിയിക്കുന്ന പല നക്ഷത്രങ്ങളെയും നമ്മളും തിരിച്ചറിയാതെ പോകുന്നു എന്നതാണ് നമ്മുടെയും വീഴ്ച. ജീവിതത്തിൽ വഴികാട്ടികളായി തെളിഞ്ഞ് നില്ക്കുന്ന യഥാർത്ഥ താരങ്ങളെ മറന്ന് സിനിമാ താരങ്ങളിലേയ്ക്കും കായിക താരങ്ങളിലേയ്ക്കും മാത്രം നമ്മുടെ ശ്രദ്ധ ചുരുങ്ങി പോകുന്നു. ആരാധനയും അനുകരണവും വഴിതെറ്റി ഒഴുകുന്നു.

എനിക്ക് ജന്മം നല്കി പോറ്റി വലുതാക്കിയ എന്റെ മാതാപിതാക്കൾ, ചെറുപ്പത്തിൽ അവരായിരുന്നു എന്റെ താരങ്ങൾ. ഞാൻ കണ്ട് വളർന്നതും അനുകരിച്ച് തുടങ്ങിയതും അവരെയായിരുന്നു. അപ്പനെ അനുകരിച്ച് മുണ്ടുടുക്കാൻ, മീശ വരയ്ക്കുവാൻ, അമ്മയെ കണ്ട് സാരി ഉടുക്കുവാൻ, തോർത്ത് കെട്ടി മുടി ചുരുട്ടി കെട്ടുവാൻ, അവരെപ്പോലെ ആകാൻ അവരെ അനുകരിച്ചിരുന്ന എനിക്കെപ്പോഴോ അവരുടെ പ്രവർത്തനങ്ങളോടുള്ള സ്നേഹവും ആരാധനയും മാറി വെറുപ്പായി തുടങ്ങി. ആ വെറുപ്പിന്റെ വളർച്ചയുടെ ഫലമായാണ് ഇന്ന് ഒരു പാട് മാതാപിതാക്കൾ വൃദ്ധസദനങ്ങളിൽ അന്തിയുറങ്ങുന്നത്.

സ്കൂളിൽ പോകുവാൻ, പള്ളിയിൽ പോകുവാൻ ചേട്ടനോ ചേച്ചിയോ കൈപിടിക്കണം എന്ന് ചെറുപ്പത്തിൽ ഉണ്ടായിരുന്ന വാശി, വളർന്നപ്പോൾ സഹോദരനെയോ, സഹോദരിയെയോ കാണുന്നതുപോലും അസഹനീയമായി മാറുന്നതിനു കാരണവും മറ്റൊന്നല്ല, എന്റെ ജീവിതത്തിന്റെ താരപദവി അലങ്കരിച്ചിരുന്ന അവരെ ഞാനെന്നോ മാറ്റി നിർത്തി എന്നത് തന്നെയാണ്. “സഹോദരങ്ങൾ ഏക മനസ്സോടെ വസിക്കുനനത് എത്ര വിശിഷ്ടവും സന്തോഷകരവും” എന്ന് സങ്കീർത്തകൻ പറയുന്നു. അമൂല്യമായ അഭിഷേക തൈലത്തോടും ഹെർമോൻ തുഷാരത്തോടും ആണ് സങ്കീർത്തകൻ അതിനെ ഉപമിക്കുന്നത്. ക്രിസ്തുവിലേയ്ക്ക് നടക്കാനുള്ള വഴി കാണിക്കുന്ന നക്ഷത്രങ്ങളാണ് എന്റെ മാതാപിതാക്കളും കൂടെപ്പിറപ്പുകളുമൊക്കെ. സ്നേഹിക്കാൻ കഴിയാതെ വരുമ്പോൾ, അമ്മായിയപ്പനും അമ്മായിയമ്മയും ഒരു ബാധ്യതയായി തോന്നുമ്പോൾ, മക്കളും മരുമക്കളുമൊക്കെ ഒരു ഭാരമായി മാറുമ്പോൾ, പരസ്പരം വേദനകളിൽ ശുശ്രൂഷിക്കാൻ മനസ് കാണിക്കാതിരിക്കുമ്പോൾ, കുഞ്ഞു മക്കൾക്ക് വല്ല്യപ്പച്ചനും വല്ല്യമ്മച്ചിയുമൊക്കെ വെറും പാഴ്വസ്തുക്കളാകുമ്പോൾ, അവരുടെ സാന്നിധ്യവും കുഴമ്പ് മണവും അസ്വസ്ഥതയാകുമ്പോൾ, എന്റെ സഹോദരങ്ങളുടെ ചെറിയ പിഴവുകൾ പോലും ക്ഷമിക്കാനാവാത്തപ്പോൾ, ഞാനെന്റെ നക്ഷത്രങ്ങളെയാണ് ഇല്ലാതാക്കുന്നത്.

പുതുപ്പിറവി തരാൻ എന്റെ ജീവിതത്തിലേക്കിറങ്ങിവരുന്ന നക്ഷത്രങ്ങളെ അവഗണിക്കാതിരിക്കാൻ ഞാൻ ഇനിയെങ്കിലും ശ്രദ്ധാലുവായേ പറ്റൂ. യേശുവിലേയ്ക്കുള്ള യാത്ര തുടങ്ങിവച്ചത് ജ്ഞാനികളായിരുന്നു. ആ യാത്ര ഇന്നും തുടരേണ്ടിയിരിക്കുന്നു. ജ്ഞാനികൾ ഇന്ന് ലോകത്തിനു നല്കുന്ന സന്ദേശവും അത് തന്നെയാണ്. രക്ഷ ക്രിസ്തുവിലാണ്, ആ ക്രിസ്തുവിലേയ്ക്കുള്ള പ്രദക്ഷിണം നിങ്ങളും ആരംഭിക്കുക. എനിക്ക് മുമ്പിലുള്ള മയങ്ങുന്ന നക്ഷത്രങ്ങൾക്കു മുന്നിൽ മറ്റൊരു നക്ഷത്രമായി നിന്ന് അവയ്ക്കും പ്രഭയേകി അവയെയും ജ്വലിപ്പിച്ച് സഭ നല്കുന്ന കൗദാശിക ജീവിതത്തിന്റെയും കുടുംബ പ്രാർത്ഥനയുടെയും ഭക്തി മാർഗങ്ങളുടെയും വഴിയിലൂടെ നമുക്ക് ദൈവ സന്നിധിയിലേക്ക് നടക്കാം. എന്റെ ജീവിത വഴിയിലെ താരങ്ങളെ മറക്കാതിരിക്കാം. മറ്റൊരു താരമായി മറ്റുള്ളവർക്ക് വഴികാട്ടിയാവാം. പുതിയൊരു നക്ഷത്രത്തിന്റെ ഉദയവും കാത്ത് ഒരുപാട് പേർ നമ്മുടെ ഇടയിലും ഭവനങ്ങളിലുമായി അന്ധകാരത്തിലിരിക്കുന്നു എന്ന ചിന്ത നമ്മെ ഉണർത്തട്ടെ.